പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2044 **26-10-2026-ൽ മറുപടിയ്ക്ക്**

ദേശീയ ആയുഷ് മിഷനും ദേശീയ ആരോഗ്യ മിഷനും നൽകിയ പരസ്യങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടോണി ചമ്മണി ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) ദേശീയ ആയുഷ് മിഷനും ദേശീയ ആരോഗ്യ മിഷനും ഒരു പ്രത്യേക പത്രസ്ഥാപനത്തിന് എല്ലാ മാസവും പരസ്യ ഇനത്തിൽ തുക അനുവദിക്കുന്നതായി വാർത്തകൾ വന്നിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്ഥാപനത്തിന് ഇത്തരത്തിൽ പരസ്യങ്ങൾ അനുവദിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തൊക്കെയാണ്; ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: നാഷണൽ ആയുഷ് മിഷൻ 2024-25 ൽ ദേശാഭിമാനിയ്ക്ക് 5,48,159 രൂപയും 2025-26 ൽ മാതൃഭൂമിയ്ക്ക് 2,41,818 രൂപയും കൗമുദി TV യ്ക്ക് 5,90,000 രൂപയും പരസ്യ ഇനത്തിൽ നൽകിയിട്ടുണ്ട്. അതാത് കാലയളവിൽ പ്രാബല്യത്തിൽ ഉള്ള PRD റേറ്റ് പ്രകാരവും, സർക്കാർ മാനദണ്ഡങ്ങൾ പ്രകാരവുമാണോ പത്രങ്ങളിൽ പരസ്യം നൽകിയിട്ടുള്ളത് എന്നത് പരിശോധിച്ചുവരുന്നു

(ബി) നിലവിലുള്ള ചട്ടങ്ങളും നടപടിക്രമങ്ങളും പാലിച്ചുകൊണ്ടാണോ ദേശീയ ആയുഷ് മിഷനും ദേശീയ ആരോഗ്യ മിഷനും പ്രസ്തുത പരസ്യങ്ങൾ അനുവദിച്ചിട്ടുള്ളത്; അല്ലെങ്കിൽ ചട്ടവിരുദ്ധമായി പരസ്യങ്ങൾ അനുവദിച്ചതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: നിലവിലുള്ള ചട്ടങ്ങളും നടപടിക്രമങ്ങളും പാലിച്ചുകൊണ്ടാണോ ദേശീയ ആയുഷ് മിഷനും ദേശീയ ആരോഗ്യ മിഷനും പ്രസ്തുത പരസ്യങ്ങൾ അനുവദിച്ചിട്ടുള്ളത് എന്നത് പരിശോധിച്ചുവരുന്നു. ചട്ടവിരുദ്ധമായി പരസ്യങ്ങൾ നൽകിയിട്ടുണ്ടെന്ന് കണ്ടെത്തിയാൽ ഉത്തരവാദികളായവർക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കുകയും നിയമവിരുദ്ധമായി ചിലവഴിച്ച തുക തിരിച്ചുപിടിക്കുന്നതിനു നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

(സി) സർക്കാർ ഫണ്ട് ഇത്തരത്തിൽ വിനിയോഗിച്ചതിൽ ക്രമക്കേടോ അനാവശ്യ ചെലവോ നടന്നിട്ടുണ്ടോ എന്ന് അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണ്;

മറുപടി: ഇത് സംബന്ധിച്ച് അന്വേഷണം നടന്നുവരുന്നു

(ഡി) ചട്ടവിരുദ്ധമായി പരസ്യങ്ങൾ അനുവദിച്ചതുമായി ബന്ധപ്പെട്ട് ഏതെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിന്റെ നിലവിലെ സ്ഥിതിയും കണ്ടെത്തലുകളും വിശദമാക്കാമോ; സർക്കാർ ഫണ്ട് അനാവശ്യമായി ചെലവഴിച്ചതായി കണ്ടെത്തുന്ന പക്ഷം അതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>മറുപടി:</u> മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ